**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6255** 09.07.2013 ൽ മറുപടിയ്ക്ക്

**യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സാഹസിക കോഴ്സുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സാഹസിക കോഴ്സുകൾ സംഘടിപ്പിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ ദേവികുളത്തും, കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്ടും സാഹസിക അക്കാഡമികൾ പ്രവർത്തിച്ചു വരുന്നു. അക്കാഡമിയുടെ നേതൃത്വത്തിൽ സാഹസിക പരിശീലന കോഴ്സുകൾ സംഘടിപ്പിക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) ഏതെല്ലാം സാഹസിക കോഴ്സുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) & (സി) യുവാക്കളിൽ സാഹസികത വളർത്തുക, സാഹസിക കർമ്മ ശേഷി ജനനന്മയ്ക്കായി വിനിയോഗിക്കുവാൻ പ്രാപ്തരാക്കുക, ആത്മവിശ്വാസം വളർത്തുക, വ്യക്തിത്വവികസനം ഉറപ്പുവരുത്തുക, പ്രതിസന്ധികളെ ധൈര്യപൂർവ്വം നേരിടാൻ സജ്ജരാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇടുക്കി ജില്ലയിലെ ദേവികുളം സാഹസിക അക്കാഡമിയുടെ കീഴിൽ പാരാഗ്ലൈഡിംഗ് ബേസിക് ടെസ്റ്റിംഗ്, അഡ്വഞ്ചർ കാർണിവൽ എന്നിവ വാഗമണിൽ സംഘടിപ്പിച്ചു. മൺസൂൺ ട്രക്കിംഗ് ടെസ്റ്റിംഗ്, റിവർ ക്രോസിംഗ്, ഫ്രീ ഹാന്റ് ക്ലൈംബിംഗ് എന്നിവ സംഘടിപ്പിക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രത്തിന്റെ നേതൃത്വത്തിൽ മാസത്തിൽ ഓരോ ദിവസം (ആകെ 3 മാസം) പാരാസെയ്ലിംഗ് ടെസ്റ്റിംഗും, ട്രെക്കിംഗ് ടെസ്റ്റിംഗും സംഘടിപ്പിച്ചു. യുവാക്കൾക്കായി ആർച്ചറി പരിശീലനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | പദ്ധതി നടപ്പിലാക്കുന്നതിനായി ദേവികുളം മുഴപ്പിലങ്ങാട് സാഹസിക അക്കാഡമികളിലെ സ്പെഷ്യൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ സാഹസിക മേഖലയിൽ താല്പര്യമുള്ള യുവാക്കളെ കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകുകയുമാണ് ചെയ്തു വരുന്നത്. ഇതിന്റെ നടപടികൾ സമയബന്ധിതമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ